ഉത്തരം

(എ) ഉണ്ട്.

(ബി) വിഷയം സർക്കാർ പരിഗണനയിലാണ്.

പൊതുശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

121 (3405) ശ്രീ. കെ. എൻ. എ. ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പൊതുസ്ഥലങ്ങളും റോഡുകളും നടപ്പാതകളും വൃത്തിഹീനമാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(സി) ഇത്തരം സ്ഥലങ്ങൾ വൃത്തിഹീനമാക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) നമ്മുടെ സംസ്ഥാനത്തെ മാലിന്യമുക്തവും പൊതു ശുചിത്വമുള്ള സമൂഹവുമാക്കി മാറ്റുന്നതിന് എന്തെങ്കിലും പ്രത്യേകപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വിവിധ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ തരംതിരിച്ച് സംസ്കരിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കി വരുന്നു. കൂടാതെ നഗര പ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ശൗചാലയങ്ങൾ ഇല്ലാത്ത വീടുകളിൽ ആയവ സ്ഥാപിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനും കേന്ദ്ര സർക്കാർ സഹായത്തോടുകൂടി സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) 2012-ലെ കേരള നഗരപാലിക ഭേദഗതി നിയമം, കേരള പഞ്ചായത്തീരാജ് ഭേദഗതി നിയമം എന്നിവ പ്രകാരം പൊതുസ്ഥലങ്ങളും റോഡുകളും, നടപ്പാതകളും വൃത്തിഹീനമാക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം പൊതുസ്ഥലങ്ങളിലും റോഡുകളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയമപ്രകാരമുള്ള പിഴയും മറ്റ് കർശന നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) നമ്മുടെ സംസ്ഥാനത്തെ മാലിന്യമുക്തവും പൊതു ശുചിത്വമുള്ള സമൂഹമാക്കി മാറ്റുന്നതിനായി മുകളിൽപ്പറഞ്ഞ പദ്ധതികൾക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കുന്നതോടൊപ്പം ഇക്കാര്യത്തിൽ ജനങ്ങളെ ബോധവാൻമാരാക്കുന്ന പ്രവൃത്തിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ശുചിത്വ മിഷൻ വഴിയും നടപ്പിലാക്കി വരുന്നു.

ഭൂരഹിതരുടെയും ഭവനരഹിതരുടെയും പുനരധിവാസത്തിനുള്ള നടപടി

122 (3406) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെകാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭൂരഹിതരുടെയും ഭവനവഹിതരുടെയും പുനരധിവാസത്തിനുള്ള എന്തെങ്കിലും നടപടികൾ നഗരകാര്യ വകുപ്പ് കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ അവയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

ഈ വിഷയം സംബന്ധിച്ച് 18-9-2014-ൽ സംസ്ഥാനത്തെ കോർപ്പറേഷൻ മേയർമാരുടെ ഒരു യോഗം സർക്കാർ തലത്തിൽ വിളിച്ചുചേർക്കുകയും, വിശദമായ പദ്ധതിരേഖ സമർപ്പിക്കുന്നതിനു മുന്നോടിയായി ഭൂ-ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം രാജാജി നഗറിൽ ഫ്ളാറ്റും വാണിജ്യ സമുച്ചയവും

123(3407) ശ്രീ. കെ. കെ. നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം രാജാജിനഗറിൽ ഫ്ളാറ്റും വാണിജ്യസമുച്ചയവും നിർമ്മിക്കുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly